# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2131 — 08.03.2018- ൽ മറുപടിയ്ക്ക്

## ഹരിതം സഹകരണം പദ്ധതി

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ. ജി.എസ്. ജയലാൽ
ശ്രീ. വി.ആർ.സുനിൽ കുമാർ
ശ്രീമതി. സി. കെ. ആശ

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഹരിതം സഹകരണം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(എ) കേരള സർക്കാർ തുടക്കം കുറിച്ച 'ഹരിത കേരളം' പദ്ധതിയ്ക്ക് പിന്തുണ നൽകികൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷ തൈകൾ നട്ട് വളർത്തുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ പദ്ധതിയാണ് ഹരിതം സഹകരണം. ലോക പരിസ്ഥിതി ദിനമായ ജൂൺ മാസം 5-ാം തീയതി മുതൽ 20-ാം തീയതിവരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരം 5 ലക്ഷം വൃക്ഷതൈകൾ നടുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. പ്രധാനമായും ഫലവൃക്ഷങ്ങൾ, തണൽ വൃക്ഷങ്ങൾ എന്നിവയുടെ തൈകൾ ആണ് നട്ട് വളർത്തിയത്. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതു സ്ഥലങ്ങളിലും വൃക്ഷതൈകൾ നട്ട് വളർത്തുകയുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി സെമിനാറുകൾ/ചർച്ചാക്ലാസുകൾ എന്നിവ നടത്തുകയുണ്ടായി, ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ല തിരിച്ച് ടാർജറ്റ് നിശ്ചയിച്ചു നൽകുകയുണ്ടായി. 14 ജില്ലകളിൽ നിന്നും

| | |
|---|---|
| | ലഭ്യമായ കണക്കുകൾ അനുസരിച്ച് 5 ലക്ഷത്തിലധികം വൃക്ഷതൈകൾ നട്ട് വളർത്തിയതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റും സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) ഹരിതം സഹകരണം പദ്ധതിയിൽ പച്ചക്കറികളും മറ്റും സംഭരിക്കുന്നതിന് സഹകരണ വകുപ്പ് ലക്ഷ്യമിട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**